(ബി) അനുബന്ധമായി ചേർക്കുന്നു.*

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കുട്ടികളുടെ കുറ്റകൃത്യങ്ങൾ

139(5728) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം 18 വയസ്സിനു താഴെ പ്രായമുള്ള കുട്ടികളുടെ കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട് ആകെ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ബി) രജിസ്റ്റർ ചെയ്യപ്പെട്ട കേസുകൾ എതെല്ലാം സ്വഭാവത്തിലുള്ളതാണ് എന്നതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(സി) കുറ്റകൃത്യങ്ങളിൽപ്പെടുന്ന കുട്ടികളുടെ പേര്, മേൽവിലാസം, ഫോട്ടോ എന്നിവ വെളിപ്പെടുത്തുന്നതിന് ബാലനീതി നിയമപ്രകാരം കുറ്റകരമായിരിക്കെ മരങ്ങാട്ടുപള്ളി പോലീസ് കസ്റ്റഡിയിൽ മരണപ്പെട്ട സിബിയുടെ കേസുമായി ബന്ധപ്പെട്ട് പോലീസ് പ്രതിചേർത്ത കുട്ടിയുടെ പേര് പരസ്യപ്പെടുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇത് സംബന്ധിച്ച് ബാലനീതി നിയമപ്രകാരം കേസ് എടുക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) 2712 കേസുകൾ.

(ബി) രജിസ്റ്റർ ചെയ്യപ്പെട്ട കേസുകൾ ഏതെല്ലാം സ്വഭാവത്തിലുള്ളതാണ് എന്നതിന്റെ ജില്ലതിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി&ഡി) മരങ്ങാട്ടുപള്ളി പോലീസ് സ്റ്റേഷൻ അതിർത്തിയിൽ മരണപ്പെട്ട സിബിയുടെ കേസുമായി ബന്ധപ്പെട്ട് കുട്ടിയുടെ പേര്, മേൽവിലാസം, ഫോട്ടോ എന്നിവ പത്രങ്ങളിലൂടെയോ, ദൃശ്യമാധ്യമങ്ങളിലൂടെയോ പോലീസ് പരസ്യപ്പെടുത്തിയിട്ടില്ല.

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly